ഉത്തരം

(എ) പരാതി ലഭിച്ചിട്ടുണ്ട്.

(ബി) കേസന്വേഷണത്തിൽ ലോക്കൽ പോലീസിന്റെ നടപടികളിൽ എന്തെങ്കിലും അപാകതയുണ്ടോ എന്നന്വേഷിക്കാൻ വേണ്ടി ക്രൈം ബ്രാഞ്ചിനെ ഏൽപ്പിച്ചിട്ടുണ്ട്.

തേൻതൊടി മീത്തൽ ഗോപാലൻ നായർ വിശാഖപട്ടണത്ത് കടലിൽ വീണ് മരിച്ച സംഭവം

74 [1549] ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി താലൂക്ക് കീഴരിയൂർ പഞ്ചായത്തിലെ മത്സ്യത്തൊഴിലാളി തേൻതൊടി മീത്തൽ ഗോപാലൻ നായർ വിശാഖപട്ടണത്തു വച്ച് കടലിൽ വീണ് മരിച്ച സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) ഈ വ്യക്തിയുടെ കുടുംബത്തിന് നഷ്ടപരിഹാരം സർക്കാരിൽനിന്നും നൽകിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിശാഖപട്ടണത്തുവച്ച് 2001 ജൂൺ 6-ാം തീയതി രാത്രി ഗോപാലൻ നായർ എന്ന മത്സ്യത്തൊഴിലാളി ഉൾനാടൻ മത്സ്യബന്ധന ബോട്ടിൽ നിന്ന് വീണു മരിച്ചു എന്നും ശവശരീരം കണ്ടുകിട്ടിയില്ല എന്നും അറിയുവാൻ കഴിഞ്ഞു.

(സി) ഇല്ല.

പാലക്കാട് ഡി വൈ. എസ്. പി., എം. ഡി. ബേബിയുടെ പേരിലുള്ള പരാതി

75 [1550] ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ഡി വൈ. എസ്. പി.-യായ എം. ഡി. ബേബിയുടെ പേരിൽ എന്തെങ്കിലും പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പരാതികൾ എന്നു വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly